**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1167 11.06.2019 – ൽ മറുപടിക്ക്**

**ഏനാമാവിലെ റോഡ് നവീകരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ വളരെയേറെ ഗതാഗതക്കുരുക്ക് നേരിടുന്നതും ഏനാമാവ് ക്രസ്ത്യൻ പള്ളിയ്ക്ക് സമീപത്തുള്ളതുമായ ഇടുങ്ങിയ റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) 2015-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തി ഇതുവരെ പ്രാവർത്തികമാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി അടിയന്തരമായി നിർവ്വഹിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

(എ) & (ബി) & (സി) ഏനമാവ് പള്ളിക്കുസമീപം റോഡ് വീതികൂട്ടുന്നതിനു വേണ്ടി എം എൽ എ എഡിഎസ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി G.O (Rt) No.278/2015/PWD dated 23.02.2015 പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രസ്തുത ഉത്തരവിൽ സ്ഥലം ഏറ്റെടുക്കുന്നതിനെ പറ്റി പരാമർശിച്ചിട്ടില്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 52,50,000/- കൂടി വക കൊള്ളിച്ചു കൊണ്ട് പുതുക്കിയ ഭരണാനുമതി G.O (Rt) No.1693/2015/PWD dated 19.11.2015 പ്രകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അലൈൻമെന്റ് അംഗീകരിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാകളക്ടർ 12.03.2016 -ന് റവന്യൂ വകുപ്പിന് ഡയറക്ട് പർച്ചേസ് രീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് 2013 എൽഎആർ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാകളക്ടർക്ക് അർത്ഥന സമർപ്പിച്ചെങ്കിലും ഈ ആവശ്യത്തിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ്

ലഭ്യച്ചിട്ടില്ല. ടി പ്രവൃത്തിയ്ക്കായി ചാവക്കാട് താലൂക്കിൽ വെങ്കിടങ്ങ് വില്ലേജിലെ 0.0028 ഹെക്ടർ ഭൂമിയും ഇരിമ്പ്രനെല്ലൂർ വില്ലേജിലെ 0.01998 ഹെക്ടർ ഭൂമിയും ഡയറക്ട് പർച്ചേയ്സ് മുഖേന ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ